19
2021
നവംബർ
വെള്ളി
1197
വൃശ്ചികം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 188 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-188 പേജ് 4. വില 2.00 രൂപ




02 പക്ഷാഘാത പരിപാലന പദ്ധതി ജില്ലയിലും
03 കേരളത്തിന് രണ്ട് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡുകൾ
04 പൊതുമരാമത്ത് വകുപ്പിൽ സുതാര്യത ഉറപ്പു വരുത്തുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ്

## കേരളത്തിനുവേണ്ടത് ഉത്തരവാദിത്വമുള്ള വ്യവസായങ്ങളും നിക്ഷേപകരും

ന്യൂഡൽഹി: കേരളത്തിനുവേണ്ടത് ഉത്തരവാദിത്വമുള്ള വ്യവസായങ്ങളും നിക്ഷേപകരുമെന്ന് വ്യവസായ മന്ത്രി പി. രാജീവ്. വിവിധ പദ്ധതികളിൽ കേന്ദ്രത്തിൻറെ സഹായം ആവശ്യപ്പെട്ട് മന്ത്രി കഴിഞ്ഞ ദിവസം ഡൽഹിയിലെത്തിയിരുന്നു.

കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ, കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി പിയൂഷ് ഗോയൽ, കെമിക്കൽ ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രി മൻസുഖ് സിംഗ് മാണ്ഡവ്യ, കേന്ദ്ര ഐടി സഹമന്ത്രി രാജിവ് ചന്ദ്ര ശേഖർ എന്നിവർക്ക് പുറമേ ഹെവി ഇൻഡസ്ട്രീസ്, ഫുഡ് പ്രോസസിംഗ്, ചെറുകിട വാണിജ്യ വ്യവസായ മന്ത്രാലയം (എംഎസ്എംഇ) എന്നീ വകുപ്പുകളിലെ മന്ത്രിമാരുമായും വ്യവസായ മന്ത്രി കൂടിക്കാഴ്ച നടത്തി.

കേന്ദ്രത്തിൻറെ പല പദ്ധതികളിലും കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് പാലിക്കാൻ കഴിയാത്ത തരത്തിലുള്ള നിബന്ധനകൾ ആണുള്ളത്.



പരിസ്ഥിതി ലോല പ്രദേശങ്ങൾ നിരവധി ഉള്ളതിനാൽ പല പദ്ധതികൾക്കും ആവശ്യമായ ഭൂമി കണ്ടെത്തുന്നതിൽ വെല്ലുവിളികളുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൻറെ ഭാഗമായി മെഡിക്കൽ എക്യുപ്മെൻറ് പാർക്ക് സ്ഥാപിക്കും.

കേരളത്തിൻറെ പൊതു മേഘലാ മരുന്നു നിർമാണ കന്പനിയായ കെഎസ്ഡിപിയുവിന് കേന്ദ്ര പൊതു മേഘലാ സ്ഥാപനങ്ങൾക്കു നൽകുന്ന പരിഗണന നൽകണമെന്ന് കെമിക്കൽ ആൻഡ് ഫെർട്ടിലൈസേഴ്സ് വകുപ്പു മന്ത്രി മൻസുഖ് സിംഗ് മാണ്ഡവ്യയോട് ആവശ്യപ്പെട്ടു. കേരളത്തിൽ ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നിർദേശങ്ങൾ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിനു മുൻപാകെ സമർപ്പിച്ചതായും മന്ത്രി പറഞ്ഞു.

## കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കും

കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കാനാണ് വ്യോമയാന മന്ത്രാലയം ആലോചിക്കുന്നതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ മന്ത്രി വി. അബ്ദുറഹിമാനെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട സാധ്യതകൾ പരിശോധിക്കാൻ ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. കേരളത്തിലെ ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾ ധരിപ്പിക്കുന്നതിനാണ് സംസ്ഥാനത്തെ ഹജ്ജ് ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാൻ കേന്ദ്ര മന്ത്രിയെ സന്ദർശിച്ചത്.

2020 ആഗസ്റ്റിൽ നടന്ന വിമാനാപകടത്തിനു ശേഷം കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഇത് വിമാനത്താവളത്തിന്റെ വരുമാനത്തെ വലിയതോതിൽ ബാധിച്ചു. കോഴിക്കോടിനെ ഈ വർഷം ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പരിഗണിക്കുക പ്രയാസമാണെങ്കിൽ കണ്ണൂർ വിമാനത്താവളത്തെ ഈ വർഷം തൽക്കാലം പരിഗണിക്കണമെന്ന നിർദ്ദേശത്തോട് കേന്ദ്രമന്ത്രി അനുകൂലമായി പ്രതികരിച്ചു. കണ്ണൂരിൽ നിന്നുള്ള ഹജ്ജ് സർവീസിന് കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വലിയ വിമാനങ്ങൾ ഉപയോഗിക്കാമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

കോഴിക്കോട് വിമാനത്താവള വികസനം നടപ്പാക്കാനുള്ള നിർദേശവും മുന്നോട്ടുവെച്ചു. അതിനായി 284 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇക്കാര്യവും പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടി കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി മുഖ്താർ അബ്ബാസ് നഖ്വിയെയും മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിച്ചു. സംസ്ഥാനത്തെ 80 ശതമാനം ഹജ്ജ് തീർത്ഥാടകർ ആശ്രയിക്കുന്ന കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് നഖ്വിയോട് ആവശ്യപ്പെട്ടു. ഹജ്ജ് ഹൗസ് പ്രവർത്തിക്കുന്നത് കോഴിക്കോട്ടാണ്. ഹജ്ജ് തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് കോഴിക്കോട്ടുള്ളത്. അതിനാൽ കോഴിക്കോടിനെ സ്ഥിരം എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്ത്



### മോഡലുകളുടെ അപകട മരണം; അറസ്റ്റിലായ ഹോട്ടൽ ഉടമ ഉൾപ്പെടെ ആറു പേർക്കും ജാമ്യം

കൊച്ചി: മുൻ മിസ് കേരള അടക്കം മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ നമ്പർ 18 ഹോട്ടലുടമ ഉൾപ്പെടെയുള്ളവർക്ക് ജാമ്യം. ഹോട്ടൽ ഉടമ റോയ് ജോസഫ് വയലാട്ട് ജീവനക്കാരായ മറ്റ് അഞ്ച് പേർക്കുമാണ് ജാമ്യം ലഭിച്ചത്.

എറണാകുളം ജില്ലാ വിട്ടുപോകരുതെന്നും പാസ്പോർട്ട് കോടതിയിൽ നൽകണമെന്ന ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്. കൂടാതെ, എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥരുടെ മുമ്പാകെ ഹാജരാകുകയും വേണം.

മോഡലുകൾ വാഹനാപകടത്തിൽ മരിച്ച സംഭവത്തിൽ സംശയാസ്പദമായ ചിലതുണ്ടെന്നായിരുന്നു പ്രതികളെ കസ്റ്റഡിയിൽ ആവശ്യപ്പെട്ടുകൊണ്ട് പോലീസ് കോടതിയിൽ അറിയിച്ചത്. എന്നാൽ കേസ് പോലീസ് തിരക്കഥയെന്നാണ് പ്രതിഭാഗം ജാമ്യാപേക്ഷയിൽ വ്യക്തമാക്കിയത്.

## കേരളത്തിന് 2 ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡുകൾ

### ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് ഇന്ത്യയിലെ മികച്ച സംരംഭങ്ങൾ

തിരുവനന്തപുരം: സംസ്ഥാനത്തെ ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ രണ്ട് സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് ലഭിച്ചു. കോവിഡ് മാനേജ്മെന്റിൽ ടെലിമെഡിസിൻ സേവനങ്ങൾ നൂതനമായി അവതരിപ്പിച്ചതിനും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കാസ്പ് പദ്ധതിയുടെ ഓൺലൈൻ പ്ലാറ്റഫോമായ ട്രാൻസാക്ഷൻ മാനേജ്മന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചതിനുമാണ് അവാർഡ് ലഭിച്ചത്. നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സമ്മിറ്റിൽ വച്ച് അവാർഡ് സമ്മാനിച്ചു.

കോവിഡ് കാലത്ത് കേരളം നടത്തിയ മികച്ച ഇ സഞ്ജീവനി ടെലി മെഡിസിൻ സേവനങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കോവിഡ് കാലത്ത് ആശുപത്രി തിരിക്ക് കുറയ്ക്കുന്നതിനും ജനങ്ങൾക്ക് മികച്ച ചികിത്സയും തുടർ ചികിത്സയും നൽകാനായി. ഇതുവരെ 2.9 ലക്ഷം പേർക്കാണ് ഇ സഞ്ജീവനി വഴി ചികിത്സ നൽകിയത്. 47 സ്പെഷ്യാലിറ്റി ഒപികളാണ് ഇ സഞ്ജീവനിയിലുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്പെഷ്യാലിറ്റി ഒപികൾ ഉള്ളത് കേരളത്തിലാണ്. സംസ്ഥാനത്ത് മാത്രമാണ് കോവിഡ് ഒപി 24 മണിക്കൂറും പ്രവർത്തിക്കുന്നത്. കാരുണ്യ ബനവലന്റ് ഫണ്ട് കാസ്പിന്റെ ട്രാൻസാക്ഷൻ മാനേജ്മന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചതിലൂടെ കാസ്പ് പദ്ധതിയുടെ ചികിത്സ ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ആയിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും ഈ പദ്ധതിയിൽ ലഭ്യമായിട്ടുള്ള എല്ലാ ചികിത്സ സൗകര്യങ്ങളും ബനവലന്റ് ഫണ്ട് പദ്ധതിയിലും ലഭ്യമാക്കിയിട്ടുണ്ട്. 10,000 ഓളം ഗുണഭോക്താക്കൾക്ക് 64 കോടി രൂപയുടെ ചികിത്സ സഹായം ബനവലന്റ് ഫണ്ട് പദ്ധതിയിലൂടെ നൽകാൻ ഈ സംയോജനം വഴി സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## ഗോത്രവർഗമേഖലയിൽ എ.എ.വൈ. കാർഡുകാർക്ക് ഗോതമ്പിനു പകരം ആട്ട നൽകും: മന്ത്രി

ഗോത്രവർഗ മേഖലകളിൽ എ.എ.വൈ കാർഡുടമകൾക്ക് അഞ്ചുകിലോ ഗോതമ്പിനു പകരം തത്തുല്യമായ ആട്ട നല്കാൻ നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ.അനിൽ.

സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കുന്ന ഗോത്രവർഗ വനിതാ കൂട്ടായ്മയായ 'ഭാസുര'യുടെ ജില്ലാതല ഉദ്ഘാടനം നവംബർ 15ന് നെടുമങ്ങാട് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. ഗോത്രവർഗ മേഖലയിലെ ജനങ്ങൾക്ക് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമമനുസരിച്ചുള്ള അവകാശങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി രൂപീകരിക്കുന്ന ഭക്ഷ്യ ഭദ്രതാ കൂട്ടായ്മയാണ് 'ഭാസുര'. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ, കെ.വി.മോഹൻകുമാർ അധ്യക്ഷത വഹിച്ചു. പൊതുവിതരണ വകുപ്പ് കമ്മീഷണർ ഡോ.സജിത്ത് ബാബു ഐ.എ.എസ്, കമ്മീഷൻ അംഗങ്ങളായ വി.രമേശൻ, എം.വിജയലക്ഷ്മി, കെ.ദിലീപ്കുമാർ നെടുമങ്ങാട് മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീജ.സി.എസ്, അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ഇ.എം.സഫീർ, വാർഡ് കൗൺസിലർ ശ്രീലത എന്നിവർ സംസാരിച്ചു. ഭക്ഷ്യ കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീജ.കെ.എസ് നന്ദി പറഞ്ഞു.

## ബാങ്കുകളോട് മടിച്ചുനിൽക്കാതെ കടം കൊടുക്കൂ: പ്രധാനമന്ത്രി

മുംബൈ: തൊഴിൽദാതാക്കൾക്കും സംരംഭകർക്കും പിന്തുണയേകുന്ന നടപടികൾ കൈക്കൊള്ളാൻ രാജ്യത്തെ ബാങ്കുകളെ ആഹ്വാനം ചെയ്തു പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന പ്രത്യേക പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

'കേന്ദ്രസർക്കാരിൻറെ വിവിധ നടപടികളുടെ ഫലമായി രാജ്യത്തെ ബാങ്കുകളുടെ ധനകാര്യസ്ഥിതി മെച്ചപ്പെട്ടിരിക്കുകയാണ്. നാഷണൽ അസറ്റ് റീകൺസ്ട്രക്ഷൻ കന്പനി ഉൾപ്പെടെയുള്ള പദ്ധതികൾ ബാങ്കുകളുടെ നഷ്ടഭാരം കുറയ്ക്കുന്നതിന് സഹായകരമാണ്. സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കുമെല്ലാം ഉദാരമായി വായ്പകൾ നല്കാൻ ബാങ്കുകൾ തയാറാകണം.

ബാങ്ക് വായ്പകളുടെ ലഭ്യത കൂടുന്നത് രാജ്യത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കും. ലോൺ അപ്രൂവർ എന്ന പരന്പരാഗതനിലയിൽനിന്നു ലോൺ ആപ്ലിക്കൻറ് എന്ന സ്ഥിതിയിലേക്ക് രാജ്യത്തെ ബാങ്കുകൾ മാറണം"മോദി പറഞ്ഞു

## 'ഒരിഞ്ച് മണ്ണും വിട്ടുകൊടുക്കില്ല'; ചൈനയ്ക്ക് മുന്നറിയിപ്പുമായി രാജ്നാഥ് സിംഗ്

ന്യൂഡൽഹി: ചൈനയ്ക്ക് ശക്തമായി മുന്നറിയിപ്പു നൽകി പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. പ്രകോപനങ്ങൾക്ക് രാജ്യം തക്ക മറുപടി നൽകിയിട്ടുണ്ടെന്നും ഒരിഞ്ച് ഭൂമിയും കൈയേറാൻ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ലഡാക്കിലെ റെസാംഗ് ലായിലെ നവീകരിച്ച യുദ്ധസ്മാരകം രാജ്യത്തിന് സമർപ്പിച്ച ചടങ്ങിലാണ് കേന്ദ്രമന്ത്രി ചൈനയ്ക്ക് മുന്നറിയിപ്പ് നൽകിയത്. ഇന്ത്യ ആരുടെ ഭൂമിയും അതിക്രമിച്ച് കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നമ്മുടെ ഒരിഞ്ച് മണ്ണും വിട്ടുകൊടുക്കില്ല. പ്രകോപനങ്ങൾക്ക് തക്ക മറുപടി നൽകിയിട്ടുണ്ടെന്നും രാജ്നാഥ് സിംഗ് ആവർത്തിച്ചു.

1962ലെ ഇന്ത്യചൈന യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ പേരുകൾക്കൊപ്പം 2020ൽ ഗൽവാൻ സംഘർഷത്തിൽ വീരമൃത്യു വരിച്ചവരുടെയും പേരുകൾ ചേർത്താണ് റെസാംഗ് ലാ സ്മാരകം നവീകരിച്ചത്. 1962ലെ യുദ്ധത്തിൽ പങ്കെടുത്ത ബ്രിഗേഡിയർ ആർ.വി ജതറിനെ മന്ത്രി തന്നെ വീൽചെയറിൽ എത്തിച്ച് ആദരിക്കുകയും ചെയ്തു



വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ നിർമാണ പ്രവർത്തനങ്ങൾ തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ വിലയിരുത്താനെത്തിയപ്പോൾ

## തമിഴ്നാട്ടിൽ പത്താം തരം പ്രൊമോഷൻ ലഭിച്ച് കേരളത്തിൽ പ്ലസ് വൺ അലോട്ട്മെന്റിൽ പങ്കെടുക്കാൻ അവസരം

തിരുവനന്തപുരം: തമിഴ്നാട്ടിൽ പത്താം തരം പ്രൊമോഷൻ ലഭിച്ച് കേരളത്തിൽ പ്ലസ് വൺ അലോട്ട്മെന്റിൽ പങ്കെടുക്കാൻ കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആശ്വാസമായി പൊതുവിദ്യാഭ്യാസ വകുപ്പ്. ഇവർക്ക് പ്ലസ്വൺ അലോട്ട്മെന്റിൽ ഉൾപ്പെടാൻ അവസരം നൽകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാർ പത്താം ക്ലാസ് പൊതുപരീക്ഷ ഒഴിവാക്കിയിരുന്നു. എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റിൽ ഗ്രേഡോ മാർക്കോ ഇല്ലാതെ പത്താം ക്ലാസ് പരീക്ഷ പാസായ സർട്ടിഫിക്കറ്റ് നൽകുകയാണുണ്ടായത്. കേരളത്തിൽ ഹയർസെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയാറാക്കുന്നത് പത്താം ക്ലാസിലെ പൊതുപരീക്ഷയിൽ വിദ്യാർത്ഥി കരസ്ഥമാക്കിയ ഗ്രേഡ് / മാർക്ക് അടിസ്ഥാനമാക്കിയാണ്. അതിനാൽ തമിഴ്നാട്ടിൽ പത്താംതരം പാസായ വിദ്യാർത്ഥികളെ ഹയർസെക്കൻഡറി പ്രവേശനത്തിന് പരിഗണിക്കാൻ സാധിച്ചില്ല. തങ്ങളെ പ്ലസ് വൺ പ്രവേശനത്തിന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികൾ പൊതു വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയെ സമീപിച്ചിരുന്നു. വിഷയം പരിശോധിക്കാൻ മന്ത്രി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചു. തുടർന്നാണ് ഇവരെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ഉത്തരവ് ഇറക്കുകയും ചെയ്തത്.

# കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കും: കേന്ദ്ര വ്യോമയാന മന്ത്രി

കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കാനാണ് വ്യോമയാന മന്ത്രാലയം ആലോചിക്കുന്നതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ മന്ത്രി വി. അബ്ദുറഹിമാനെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട സാധ്യതകൾ പരിശോധിക്കാൻ ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്.

സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വലിയ വിമാനങ്ങളുടെ സർവീസ് പുനഃരാരംഭിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. കേരളത്തിലെ ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾ ധരിപ്പിക്കുന്നതിനാണ് സംസ്ഥാനത്തെ ഹജ്ജ് ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാൻ കേന്ദ്ര മന്ത്രിയെ സന്ദർശിച്ചത്.

2020 ആഗസ്റ്റിൽ നടന്ന വിമാനാപകടത്തിനു ശേഷം കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഇത് വിമാനത്താവളത്തിന്റെ വരുമാനത്തെ വലിയതോതിൽ ബാധിച്ചു. കോഴിക്കോടിനെ ഈ വർഷം ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പരിഗണിക്കുക പ്രയാസമാണെങ്കിൽ കണ്ണൂർ വിമാനത്താവളത്തെ ഈ വർഷം തൽക്കാലം പരിഗണിക്കണമെന്ന നിർദ്ദേശത്തോട് കേന്ദ്രമന്ത്രി അനുകൂലമായി പ്രതികരിച്ചു. കണ്ണൂരിൽ നിന്നുള്ള ഹജ്ജ് സർവീസിന് കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വലിയ വിമാനങ്ങൾ ഉപയോഗിക്കാമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

കോഴിക്കോട് വിമാനത്താവള വികസനം നടപ്പാക്കാനുള്ള നിർദേശവും മുന്നോട്ടുവെച്ചു.

അതിനായി 284 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇക്കാര്യവും പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടി കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി മുഖ്താർ അബ്ബാസ് നഖിയെയും മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിച്ചു. സംസ്ഥാനത്തെ 80 ശതമാനം ഹജ്ജ് തീർത്ഥാടകർ ആശ്രയിക്കുന്ന കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് നഖിയോട് ആവശ്യപ്പെട്ടു. ഹജ്ജ് ഹൗസ് പ്രവർത്തിക്കുന്നത് കോഴിക്കോട്ടാണ്.

ഹജ്ജ് തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് കോഴിക്കോട്ടുള്ളത്. അതിനാൽ കോഴിക്കോടിനെ സ്ഥിരം എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകി.



പെറ്റ് ഷോപ്പ് നിയമങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പ്രകാശനം ചെയ്യുന്നു.

# പെറ്റ് ഷോപ്പുകൾക്കു ലൈസൻസ് നിർബന്ധമാക്കും : മന്ത്രി ജെ. ചിഞ്ചുറാണി

സംസ്ഥാനത്ത് അരുമ മൃഗങ്ങളേയും പക്ഷികളേയും വിൽക്കുന്ന സ്ഥാപനങ്ങളുടെ (പെറ്റ്ഷോപ്പുകൾ) പ്രവർത്തനത്തിനു ലൈസൻസ് നിർബന്ധമാക്കുമെന്നു മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. ഇതു സംബന്ധിച്ച കേന്ദ്ര നിയമം കർശനമായി നടപ്പാക്കും. പെറ്റ്സ് ഷോപ്പ്, ഡോഗ് ബ്രീഡിങ് സ്ഥാപന ഉടമസ്ഥർക്ക് ഇക്കാര്യത്തിൽ ജില്ലാതലത്തിൽ ബോധവത്കരണം നൽകുമെന്നും മന്ത്രി പറഞ്ഞു. പുനഃസംഘടിപ്പിച്ച സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് യോഗത്തിനു ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനായി എല്ലാ ജില്ലകളിലും സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസിന്റെ (എസ്.പി.സി.എ.) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നു മന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി ജില്ലാതല എസ്.പി.സി.എ. മാനേജ്മെന്റ് കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനൊപ്പം ചീഫ് എക്സിക്യൂട്ടിവ് ഓഫിസറായി ജില്ലാ കളക്ടറേയും ഉൾപ്പെടുത്തും. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും അനുമതിയും ലഭിച്ച സ്ഥാപനങ്ങളിൽനിന്നു താത്പര്യപത്രം ക്ഷണിച്ച് തെരുവു നായ്ക്കളിൽ വന്ധീകരണ പദ്ധതി നടപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദേശം നൽകും. ഹൈക്കോടതി വിധിയനുസരിച്ച് തെരുവു നായ്ക്കളെ സംരക്ഷിക്കുന്നതിനായി അനിമൽ ഷെൽട്ടർ, അനിമൽ അഡോപ്ഷൻ, ഫീഡിങ് പോയിന്റ് എന്നിവ നടപ്പാക്കുന്നതിനും വകുപ്പിനോടു ശുപാർശ ചെയ്യും. മൃഗസംരക്ഷണ വകുപ്പിന്റെ അതിർത്തി ചെക്പോസ്റ്റുകളിൽ വെറ്ററിനറി സർജൻമാർ ഇല്ലാത്ത സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ സർജൻമാരെ നിയമിക്കും. എലിഫെന്റ് സ്ക്വാഡിലേക്ക് ഡോക്ടർമാരെ കണ്ടെത്തി വെറ്ററിനറി കോളജുകളിൽ പരിശീലനം നൽകി ജില്ലാതല സ്ക്വാഡുകൾ ശക്തിപ്പെടുത്തും.

അനധികൃത അറവു തടയുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിനു നിർദേശം നൽകും. മൃഗ സംരക്ഷണ വകുപ്പ് ജില്ലകളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തും. ഇവർക്ക് ജില്ലതിരിച്ചു ചുമതല നൽകുമെന്നും മന്ത്രി പറഞ്ഞു.

ഫ്ളാറ്റുകളിലും അപ്പാർട്ട്മെന്റുകളിലും ഓമന മൃഗങ്ങളെ വളർത്തുന്നതിനു കോടതി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പരിശോധിക്കും. പൊതുജനങ്ങൾക്ക് ബോർഡിന്റെ മെംയസല്യമഹമ@ഴാമശഹ.രീാ എന്ന ഇമെയിലിൽ പരാതികൾ അറിയിക്കാം. കോൾ സെന്ററും തുറക്കും. സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡിന്റെ ഓഫിസ് സംവിധാനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേകമായി സെക്ഷൻ തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

പെറ്റ് ഷോപ്പ് നിയമങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം വാർത്താ സമ്മേളനത്തിൽ മന്ത്രി പ്രകാശനം ചെയ്തു. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശികനും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വാതിൽപ്പടി സേവനമടക്കമുള്ള പദ്ധതികൾ ഉൾപ്പെടുത്തണം: മന്ത്രി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 202122 വാർഷിക പദ്ധതിയിൽ വാതിൽപ്പടി സേവനമടക്കമുള്ള മുൻഗണനാ പദ്ധതികൾ ഉൾപ്പെടുത്തണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കോവിഡ് പ്രതിരോധം, ദുരന്ത നിവാരണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കാനും നിലവിലുള്ള പദ്ധതികളുടെ വിഹിതം വർധിപ്പിക്കാനും മന്ത്രി നിർദേശിച്ചു.

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതുശുചിമുറികളും നിർമ്മിക്കാനുള്ള പദ്ധതികൾ പുതുതായി ഏറ്റെടുക്കണമെന്നും നിലവിലുള്ള പദ്ധതികളുടെ വിഹിതം വർധിപ്പിച്ച് പരിപാലനമടക്കമുള്ള കാര്യങ്ങൾ ഉറപ്പുവരുത്തണമെന്നും മന്ത്രി പറഞ്ഞു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം ഉൾപ്പെടുത്തി ഗ്രമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പദ്ധതികൾ പരിഷ്കരിക്കണം. കൂടുതൽ തുക ആവശ്യമെങ്കിൽ വിഹിതം വർധിപ്പിക്കണം. ഏതെങ്കിലും കേന്ദ്ര സംസ്ഥാന പദ്ധതിക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പദ്ധതി ഏറ്റെടുക്കണമെന്ന് മന്ത്രി നിർദേശിച്ചു.

ജില്ലാ ആസൂത്രണ സമിതി നിരസിച്ചതും മാർഗരേഖയോ, സബ്സിഡി നിരക്കോ പാലിക്കാതെയുമുള്ള പദ്ധതികൾ ഉപേക്ഷിക്കണം. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയുടെയോ മറ്റോ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കണം. അതുവഴി ലഭിക്കുന്ന തുക മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കാമെന്ന് മന്ത്രി പറഞ്ഞു. വാർഷിക പദ്ധതിയുടെ ഭേദഗതികൾ തദ്ദേശ സ്ഥാപനങ്ങൾ ഒറ്റത്തവണയായി സമർപ്പിച്ച് അംഗീകാരം വാങ്ങാൻ ശ്രദ്ധിക്കണമെന്നും അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകാൻ പാടുള്ളുവെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതികൾ സംബന്ധിച്ച എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി 30നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

# പക്ഷാഘാത പരിപാലന പദ്ധതി ജില്ലയിലും

പക്ഷാഘാത രോഗികളുടെ പരിപാലനവും ചികിത്സയും ഉറപ്പാക്കുന്നതിനുള്ള പദ്ധതി ജില്ലയിൽ തുടങ്ങുന്നു. തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റിയൂട്ട് ഒഫ് മെഡിക്കൽ സയൻസാണ് സാമൂഹിക പക്ഷാഘാത പരിപാലന പദ്ധതിയുടെ പിന്നിൽ.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലാണ് നിർവഹണം. രോഗത്തിന്റെ മുൻകൂട്ടിയുള്ള നിർണയം, തടയുന്നതിനുള്ള മാർഗങ്ങളെ സംബന്ധിച്ച ബോധവത്കരണം, യഥാസമയത്തുള്ള ചികിത്സ, തുടർ പരിചരണം എന്നിവ ഉറപ്പാക്കും.

കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പക്ഷാഘാതം വന്നവരുടെ വിവരശേഖരണമാണ് ആദ്യം നടത്തുക. തുടർ ചികിത്സ നൽകി ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുമെടുക്കും.

കിടപ്പ് രോഗികളുടെ പരിചരണത്തിന് കുടുംബാംഗങ്ങൾക്ക് പരിശീലനം നൽകും. രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും അനുബന്ധമായുണ്ടാകും.

ആജീവനാന്ത വൈകല്യ സാധ്യത മുൻനിറുത്തി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. 1000 പേരിൽ 140 പേർക്ക് വരെയാണ് രോഗബാധാസാധ്യത. 40 ശതമാനം വരെ മരണനിരക്കും ഇതര 40 ശതമാനത്തിന് വൈകല്യ സാധ്യതയുമുണ്ട്.

ഈ പശ്ചാത്തലത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രോഗശേഷമുള്ള ജീവിതത്തിന് രോഗിയേയും കൂട്ടിരുപ്പുകാരേയും സജ്ജമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ജനുവരിയിൽ പദ്ധതിക്ക് ജില്ലയിൽ തുടക്കമാകും.

ജില്ലാതല പ്രാഥമിക പരിശീലനം ബീച്ച് ഹോട്ടലിൽ നടത്തി. ഡി. എം. ഒയുടെ ചുമതലയുള്ള ഡോ. ജെ. മണികണ്ഠൻ, ജില്ലാ സർവയലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ, ജീവിതശൈലി രോഗനിയന്ത്രണ പരിപാടിയുടെ സംസ്ഥാന നോഡൽ ഓഫീസർ ഡോ. വിപിൻ ഗോപാൽ, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ന്യൂറോളജി വിഭാഗം മേധാവി ഡോ. ഷൈലജ, ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ്കിരൺ, ഡോ. ബിജു സോമൻ, സമ്പത്ത്, ഡോ. സാജൻ മാത്യൂസ്, തുടങ്ങിയവർ പങ്കെടുത്തു.

# പ്രളയാതിജീവന വീട്നിർമാണത്തിന്റെ മൺട്രോതുരുത്ത് മാതൃക

നിരന്തരമായി വെള്ളപ്പൊക്കം ഭീഷണിയാകുന്ന പ്രദേശങ്ങൾക്കായി നടത്തിയ പുതു പരീക്ഷണങ്ങൾ ലക്ഷ്യം കാണുന്നു. കൊല്ലം ജില്ലയിലെ മൺട്രോതുരുത്തിൽ നിർമിച്ച സ്ഥലജലസമ്മിശ്ര (ആംഫിബിയൻ) അതിജീവന വീടാണ് രണ്ട് വർഷം പിന്നിടുമ്പോഴും സുരക്ഷിതമായി തുടരുന്നത്. പ്രദേശവാസികളുടെ തീരാദുരിതം മുന്നിൽക്കണ്ടാണ് ഇങ്ങനെയൊരു ആശയം ഇന്നത്തെ ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാൽ മുന്നോട്ട് വച്ചത്. ആർക്കിടെക്റ്റ്സ് അസോസിയേഷൻ പദ്ധതി ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കുകയായിരുന്നു. സുരക്ഷിത താമസം ഉറപ്പാക്കുന്ന വേറിട്ട നിർമാണ രീതി ഫലം കാണുന്നതിന് വീട്ടുകാരായ പൂപ്പാണി ശ്രീലേഖ ഭവനിൽ ഗോപിനാഥനും ഭാര്യ ജഗദമ്മയും സാക്ഷ്യം.

36 വർഷം ദുരിതങ്ങളിലൂടെ തുടർന്ന ജീവിതം പുതിയ വീടിന്റെ സുരക്ഷിതത്വത്തിലേക്ക് മാറിയിരിക്കുന്നു. ഉപ്പുകാറ്റും ഈർപ്പവും നിറഞ്ഞ അന്തരീക്ഷത്തിലും സ്വസ്ഥജീവിതം നയിക്കുകയാണ് ഈ കുടുംബം. വേലിയേറ്റവും വെള്ളപ്പൊക്കവുമെല്ലാം തരണം ചെയ്യാൻ പാകത്തിലുള്ള നിർമാണ രീതിയാണ് വീടിന്റെ സവിശേഷതയും സുരക്ഷയും.

പരിസ്ഥിതി സൗഹൃദ നിർമാണരീതിയാണ് വീടിന്റേത്. ഭാരം കുറഞ്ഞ കട്ടകളും മെറ്റൽ ഷീറ്റുകളുമാണ് ഉപയോഗിച്ചത്. 380 ചതുരശ്രഅടി നീളമുണ്ട്. തറനിരപ്പിൽ നിന്ന് നാല് അടിയോളം ഉയരവും. വെള്ളം കയറുമെന്ന ഭീഷണി ഒഴിവാകുന്ന നിർമാണ രീതി മറ്റ് മേഖലകളിലേക്കും പരീക്ഷിക്കാമോ എന്ന് പരിശോധിക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. മഴക്കെടുതിയിൽ അകപ്പെട്ട പ്രദേശങ്ങൾ സന്ദർശിക്കവെയാണ് മന്ത്രി വീടു സന്ദർശിച്ചതും വിജയകരമെന്ന് കണ്ട സ്വന്തം ആശയത്തിന്റെ പ്രായോഗികത സംബന്ധിച്ച് വിലയിരുത്തിയതും. വെള്ളം കയറുമ്പോൾ ശുചിമുറി മാലിന്യം കൂടിക്കലരുന്നത് ഒഴിവാക്കാനും പുതുനിർമാണരീതി പ്രയോജനപ്പെടുമെന്നാണ് ബോധ്യമായത്. ദുരിതങ്ങൾക്ക് പരിഹാരമാകുമെങ്കിൽ ഇതേ സംവിധാനം താഴ്ന്ന പ്രദേശങ്ങളിൽ ഏർപ്പെടുത്താനാകുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കിട്ടു.

# തെരുവുനായ്ക്കളിൽ വന്ധീകരണ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം: മന്ത്രി ജെ ചിഞ്ചുറാണി

തിരുവനന്തപുരം: തെരുവുനായ്ക്കളിൽ വന്ധീകരണ പദ്ധതി നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കാൻ തീരുമാനിച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതിയും അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും ലഭിച്ച ആനിമൽ വെൽഫെയർ ഓർഗനൈസേഷനുകളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പുനഃസംഘടിപ്പിച്ച സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഹൈക്കോടതി വിധിയനുസരിച്ച് തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി അനിമൽ ഷെൽട്ടർ, അനിമൽ അഡോപ്ഷൻ, ഫീഡിങ് പോയിന്റ് എന്നിവ നടപ്പാക്കുന്നതിനും വകുപ്പിനോടു ശുപാർശ ചെയ്യുമെന്നും മന്ത്രി അറിയിച്ചു. 20 അംഗങ്ങളുള്ള സമിതിയിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി അധ്യക്ഷയും വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. പുനഃസംഘടിപ്പിച്ച ബോർഡിന്റെ ആദ്യ യോഗമാണ് ഇന്നലെ വ്യാഴാഴ്ച മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നത്.

നിലവിൽ സംസ്ഥാനത്ത് മൃഗങ്ങളോടുള്ള ക്രൂരതയുമായി ബന്ധപ്പെട്ട് അടുത്തിടെ നിരവധി സംഭവങ്ങൾ ഉയർന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ബോധവൽക്കരണപ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്. നിയമപരമായ ഇടപെടൽ!! ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽസിന്റെ (എസ്പിസിഎ) പ്രവർത്തനം ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി ജില്ലാതല എസ്പിസിഎ മാനേജ്മെന്റ് കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനൊപ്പം ചീഫ് എക്സിക്യൂട്ടിവ് ഓഫിസറായി ജില്ലാ കളക്ടറേയും ഉൾപ്പെടുത്തും.

മൃഗസംരക്ഷണ വകുപ്പിന്റെ അതിർത്തി ചെക്പോസ്റ്റുകളിൽ വെറ്ററിനറി സർജൻമാർ ഇല്ലാത്ത സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ സർജൻമാരെ നിയമിക്കും. എലിഫെന്റ് സ്ക്വാഡിലേക്ക് ഡോക്ടർമാരെ കണ്ടെത്തി വെറ്ററിനറി കോളജുകളിൽ പരിശീലനം നൽകി ജില്ലാതല സ്ക്വാഡുകൾ ശക്തിപ്പെടുത്തും. മൃഗസംരക്ഷണവകുപ്പിന്റെ 18 അതിർത്തി ചെക്ക് പോസ്റ്റുകളിൽ രണ്ടിടത്ത് മാത്രമാണ് വെറ്ററിനറി സർജൻമാരുടെ തസ്തിക നിലവിലുള്ളത്. ശേഷിയ്ക്കുന്ന 16 ഇടങ്ങളിൽ കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിച്ച് സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്ന പക്ഷിമൃഗാദികളെ പരിശോധിയ്ക്കുന്നതിന് സൗകര്യം ഉണ്ടാക്കുവാൻ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു.

അനധികൃത അറവു തടയുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിനു നിർദ്ദേശം നൽകും. മൃഗ സംരക്ഷണ വകുപ്പ് ജില്ലകളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തും. ഇവർക്ക് ജില്ല തിരിച്ചു ചുമതല നൽകുമെന്നും മന്ത്രി പറഞ്ഞു. ഫ്ലാറ്റുകളിലും അപ്പാർട്ട്മെന്റുകളിലും ഓമന മൃഗങ്ങളെ വളർത്തുന്നതിനു കോടതി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പരിശോധിക്കും. പൊതുജനങ്ങൾക്ക് ബോർഡിന്റെ മെംയസല്യമഹമ@ഴാമശഹ. രീാ എന്ന ഇമെയിലിൽ പരാതികൾ അറിയിക്കാം. കോൾ സെന്ററും തുറക്കും. സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡിന്റെ ഓഫിസ് സംവിധാനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേകമായി സെക്ഷൻ തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ കൗശികനും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



ഹൈഡ്രോഗ്രഫിക് സർവേ വിഭാഗത്തിന്റെ അത്യാധുനിക അണ്ടർവാട്ടർ ഡ്രോൺ ക്യാമറ തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യുന്നു




കേരള ഒളിമ്പിക് അസോസിയേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന ഒളിമ്പിക്സ് ഗെയിംസ് ഓർഗനൈസിങ് കമ്മിറ്റി രൂപീകരണ യോഗം മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ജി. ആർ. അനിൽ സമീപം.

# കേരളത്തിന് രണ്ട് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡുകൾ

## ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് ഇന്ത്യയിലെ മികച്ച സംരംഭങ്ങൾ

സംസ്ഥാനത്തെ ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ രണ്ട് സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് ലഭിച്ചു. കോവിഡ് മാനേജ്മെന്റിൽ ടെലിമെഡിസിൻ സേവനങ്ങൾ നൂതനമായി അവതരിപ്പിച്ചതിനും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കാസ്പ് പദ്ധതിയുടെ ഓൺലൈൻ പ്ലാറ്റ്ഫോമായ ട്രാൻസാക്ഷൻ മാനേജ്മന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചതിനുമാണ് അവാർഡ് ലഭിച്ചത്. നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സമ്മിറ്റിൽ വച്ച് അവാർഡ് സമ്മാനിച്ചു.

കോവിഡ് കാലത്ത് കേരളം നടത്തിയ മികച്ച ഇ സഞ്ജീവനി ടെലി മെഡിസിൻ സേവനങ്ങൾക്കുള്ള അംഗീകാരമാണ് അവാർഡെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കോവിഡ് കാലത്ത് ആശുപത്രി തിരിക്ക് കുറയ്ക്കുന്നതിനും ജനങ്ങൾക്ക് മികച്ച ചികിത്സയും തുടർ ചികിത്സയും നൽകാനായി. ഇതുവരെ 2.9 ലക്ഷം പേർക്കാണ് ഇ സഞ്ജീവനി വഴി ചികിത്സ നൽകിയത്. 47 സ്പെഷ്യാലിറ്റി ഒപികളാണ് ഇ സഞ്ജീവനിയിലുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്പെഷ്യാലിറ്റി ഒപികൾ ഉള്ളത് കേരളത്തിലാണ്. സംസ്ഥാനത്ത് മാത്രമാണ് കോവിഡ് ഒപി 24 മണിക്കൂറും പ്രവർത്തിക്കുന്നത്.

കാരുണ്യ ബനവലന്റ് ഫണ്ട് കാസ്പിന്റെ ട്രാൻസാക്ഷൻ മാനേജ്മന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചതിലൂടെ കാസ്പ് പദ്ധതിയുടെ ചികിത്സ ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ആയിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും ഈ പദ്ധതിയിൽ ലഭ്യമായിട്ടുള്ള എല്ലാ ചികിത്സ സൗകര്യങ്ങളും ബനവലന്റ് ഫണ്ട് പദ്ധതിയിലും ലഭ്യമാക്കിയിട്ടുണ്ട്. 10,000 ഓളം ഗുണഭോക്താക്കൾക്ക് 64 കോടി രൂപയുടെ ചികിത്സ സഹായം ബനവലന്റ് ഫണ്ട് പദ്ധതിയിലൂടെ നൽകാൻ ഈ സംയോജനം വഴി സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

# ആരോപണങ്ങൾ പൊലീസ് തിരക്കഥയെന്ന് ഹോട്ടലുടമ

കൊച്ചി: മുൻ മിസ് കേരള അൻസി കബീർ അടക്കം മൂന്ന് പേർ കാറപകടത്തിൽ മരിച്ചതുമായി ബന്ധപ്പെട്ട കേസിൽ തങ്ങളെ പ്രതിയാക്കിയത് പൊലീസ് തിരക്കഥയെന്ന് റോയി വയലാട്ടും ഹോട്ടൽ ജീവനക്കാരും. കാർ ഓടിച്ചയാളെ സംരക്ഷിക്കാനാണ് നീക്കമെന്നും പ്രതിഭാഗം ആരോപിച്ചു.

കാറോടിച്ച റഹ്മാനെ രക്ഷിക്കാനാണ് പൊലീസ് നീക്കം. ഹാർഡ് ഡിസ്ക് നശിപ്പിച്ചതിന് കേസുമായി ബന്ധമില്ല. മജിസ്ട്രേറ്റ്, ആശുപത്രിയിലെത്തി റോയിയുടെ മൊഴിയെടുത്ത ശേഷം ജാമ്യാപേക്ഷയിൽ ഉത്തരവുണ്ടാകും. അപകടത്തിൽപ്പെട്ടവർ ഹോട്ടലിൽവച്ച് സ്വന്തം നിലയിൽ പാർട്ടിക്ക് എത്തിയതാണെന്നും ആരും സമ്മർദ്ദം ചെലുത്തിയിട്ടില്ല എന്നും റോയിക്കു വേണ്ടി അഭിഭാഷകൻ വാദിച്ചു. പ്രതികൾക്കെതിരെ നരഹത്യ ചുമത്തിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് പ്രതിഭാഗം ചോദിച്ചു. ഹാർഡ് ഡിസ്ക് നശിപ്പിച്ചുവെന്ന കുറ്റം മാത്രമാണ് ഇയാൾക്കെതിരെയുള്ളത്. അപകടത്തിൽപ്പെട്ടവർ ബാറിൽ നിന്ന് മദ്യപിക്കുകയും ചെയ്തു. മദ്യം കഴിച്ചതും വാഹനാപകടവും തമ്മിൽ ബന്ധപ്പെടുന്നതെങ്ങനെയെന്നും പ്രതിഭാഗം ചോദിച്ചു. തന്റെ ഹോട്ടലിൽവച്ച് ഒരു അനിഷ്ടവും സംഭവിച്ചിട്ടില്ല. ചേസ് ചെയ്ത സൈജു ജാമ്യത്തിലിറങ്ങി. ഹൃദ്രോഗിയായ തന്നെ ഇപ്പോഴും പീഡിപ്പിക്കുകയാണ്. തന്റെ ഹോട്ടലിൽ നിന്ന് കിലോമീറ്ററുകൾ അകലെയാണ് അപകടം നടന്നത്. ഹാർഡ് ഡിസ്ക് നശിപ്പിച്ചു എന്ന് സമ്മതിച്ചാൽ പോലും അപകടവുമായി ഇതിന് എന്ത് ബന്ധമാണുള്ളത്. കാർ ഓടിച്ച ഒന്നാം പ്രതി അബ്ദു റഹ്മാനെ സഹായിക്കാനാണ് തങ്ങൾക്കെതിരെ കേസെടുത്തിരിക്കുന്നതെന്നും പ്രതികൾ വാദിച്ചു. സമയപരിധി കഴിഞ്ഞും ഹോട്ടലിൽ മദ്യം വിളമ്പിയെന്ന് പൊലീസ് പറഞ്ഞു. കായലിലേക്ക് ഹാർഡ് ഡിസ്ക് വലിച്ചെറിഞ്ഞ് തെളിഞ്ഞതായും പൊലീസ് കോടതിയെ അറിയിച്ചു. അന്വേഷണത്തിന്റെ മുന്നോട്ട് പോക്കിന് പ്രതികളുടെ കസ്റ്റഡി അത്യാവശ്യമാണെന്ന് പൊലീസ് പറഞ്ഞു.

# മാധ്യമപ്രവർത്തകരെ മർദ്ദിച്ച സംഭവം; നാല് കോൺഗ്രസ് നേതാക്കൾക്കെതിരെ നടപടി

കോഴിക്കോട്: കോഴിക്കോട് മാധ്യമപ്രവർത്തകരെ മർദ്ദിച്ച സംഭവത്തിൽ നാല് കോൺഗ്രസ് നേതാക്കൾക്കെതിരെ കെപിസിസിയുടെ അച്ചടക്ക നടപടി.

അക്രമത്തിന് നേതൃത്വം നൽകിയ ചേവായൂർ സഹകരണ ബാങ്ക് പ്രസിഡന്റും മുൻ മാങ്കാവ് ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റുമായ അഡ്വ. ജി സി പ്രശാന്ത് കുമാർ, അരക്കിണർ മണ്ഡലം പ്രസിഡന്റ് രാജീവൻ തിരുവച്ചിറ എന്നിവരെ പാർട്ടിയിൽ നിന്നും സസ്പെന്റ് ചെയ്തു. സംഭവത്തിൽ ജാഗ്രതക്കുറവ് കാണിച്ച ഫറോക്ക് ബ്ലോക്ക് പ്രസിഡന്റും രാമനാട്ടുകര മുൻസിപ്പാലിറ്റി വൈസ് ചെയർമാനുമായ സുരേഷ് കീച്ചമ്പ്രയെ പരസ്യമായി താക്കീത് ചെയ്യും. യോഗസ്ഥലത്തുണ്ടായ അനിഷ്ട സംഭവങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ വീഴ്ച വന്നതിന് ഡിസിസി മുൻ പ്രസിഡന്റ് യു രാജീവൻ പരസ്യ ഖേദപ്രകടനം നടത്തണമെന്നുമാണ് കെപിസിസിയുടെ നടപടി.

കോഴിക്കോട് നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ നടന്ന യോഗത്തിനിടെ മാധ്യമപ്രവർത്തകർക്ക് നേരെയുണ്ടായ പ്രവൃത്തികൾ കോൺഗ്രസ് സംസ്കാരത്തിന് യോജിച്ചതല്ലെന്ന് വിലയിരുത്തിക്കൊണ്ടാണ് കെപിസിസി പ്രസിഡന്റ് അച്ചടക്ക നടപടി സ്വീകരിച്ചതെന്ന് ഡിസിസി പ്രസിഡന്റ് കെ പ്രവീൺകുമാർ വാർത്താകുറിപ്പിൽ അറിയിച്ചു.

കെപിസിസി മുൻ എക്സിക്യൂട്ടീവ് അംഗങ്ങളായ ജോൺ പൂതക്കുഴി, സി വി കുഞ്ഞികൃഷ്ണൻ എന്നിവരായിരുന്നു അന്വേഷണ സമിതി അംഗങ്ങൾ. മർദ്ദനമേറ്റ മാധ്യമപ്രവർത്തകർ, യോഗത്തിൽ പങ്കെടുത്ത കോൺഗ്രസ് ഭാരവാഹികൾ, പ്രസ്ക്ലബ് ഭാരവാഹികൾ എന്നിവരിൽ നിന്ന് മൊഴിയെടുത്ത ശേഷം ബുധനാഴ്ച രാത്രിയാണ് ഇവർ ഡിസിസിക്ക് റിപ്പോർട്ട് സമർപ്പിച്ചത്. ഈ റിപ്പോർട്ട് അംഗീകരിച്ച് ഡിസിസി നടപടിക്ക് ശുപാർശ ചെയ്യുകയും കെപിസിസി പ്രസിഡന്റ് അതിന് അംഗീകാരം നൽകുകയുമായിരുന്നു.

ഈ മാസം 13ന് കോഴിക്കോട്ടെ സ്വകാര്യ ഹോട്ടലിൽ നടന്ന എ ഗ്രൂപ്പ് യോഗം റിപ്പോർട്ട് ചെയ്യാനെത്തിയപ്പോഴാണ് കോൺഗ്രസ് പ്രവർത്തകർ മാധ്യമ പ്രവർത്തകർക്കുനേരെ കയ്യേറ്റം നടത്തിയത്.

# ബേക്കറിയിൽ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്ന ചില്ല് കൂട്ടിൽ ജീവനുള്ള എലി; സ്ഥാപനം അടപ്പിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ്

കോഴിക്കോട്: ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്ന ചില്ല് കൂട്ടിൽ ജീവനുള്ള എലിയെ കണ്ടതിനെ തുടർന്ന് ബേക്കറി ഭക്ഷ്യസുരക്ഷാ വകുപ്പ് ഇടപെട്ട് അടച്ചുപൂട്ടി.

കോഴിക്കോട് നഗരത്തിൽ ഈസ്റ്റ് ഹില്ലിലെ ഹോട്ട് ബൺസ് എന്ന ബേക്കറിയാണ് അടച്ചുപൂട്ടിയത്.

ബേക്കറിയിൽ ഭക്ഷണം കഴിക്കാനെത്തിയ വിദ്യാർത്ഥികളാണ് ചില്ല് കൂട്ടിൽ ജീവനുള്ള വലിയ എലിയെ കണ്ടത്. തുടർന്ന് ഇവർ വീഡിയോ എടുത്ത് ഭക്ഷ്യസുരക്ഷാവകുപ്പിന് കൈമാറുകയായിരുന്നു. വീഡിയോ ലഭിച്ചതിന് പിന്നാലെ ഡോ. വിഷ്ണു, എസ് ഷാജി, ഡോ. ജോസഫ് കുര്യാക്കോസ് എന്നിവരടങ്ങുന്ന ഭക്ഷ്യസുരക്ഷാ സ്ക്വാഡ് ബേക്കറിയിൽ എത്തി മിന്നൽപരിശോധന നടത്തുകയും ഇവരുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഭക്ഷ്യസുരക്ഷാ അസി. കമ്മീഷണർ എം ടി ബേബിച്ചൻ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുകയുമായിരുന്നു. ബേക്കറിയുടെ അടുക്കളയിലും മറ്റും എലിയുടെ വിസർജ്യത്തിന്റെ സാന്നിധ്യം കണ്ടെത്തിയതായും ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നത് മനുഷ്യാരോഗ്യത്തിന് ഹാനികരമാണെന്നും ഭക്ഷ്യസുരക്ഷാ വിഭാഗം പറഞ്ഞു.

ലൈസൻസ് ചട്ടങ്ങൾക്ക് വിരുദ്ധമായി സ്ഥാപനം പ്രവർത്തിക്കുന്നുവെന്നും പൊതുജനാരോഗ്യത്തിന് ഹാനികരമായേക്കാവുന്ന രീതിയിൽ ഭക്ഷണ വിപണനം നടത്തുന്നുവെന്നും കണ്ടെത്തിയതിനെത്തുടർന്ന് ഫുഡ് സേഫ്റ്റി ലൈസൻസും സസ്പെൻഡ് ചെയ്തു. ഇതോടൊപ്പം ഹോട്ടലിന് നോട്ടീസും നൽകി. വീഡിയോ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് കൈമാറിയ വിദ്യാർത്ഥികളെ ഉദ്യോഗസ്ഥർ അഭിനന്ദിച്ചു.

# രാഷ്ട്രപതിയുടെയും മുഖ്യമന്ത്രിയുടെയും മെഡലുകൾ വിതരണം ചെയ്തു

രാഷ്ട്രപതി, മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ പോലീസ്, ജയിൽ, ഫയർഫോഴ്സ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് മെഡലുകളുടെ വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

കോവിഡും പ്രകൃതി ദുരന്തങ്ങളും ഉണ്ടായ വേളയിൽ ജനങ്ങൾക്ക് ആശ്വാസവും സംരക്ഷണവും നൽകുന്നതിന് സർക്കാരിനെ സഹായിച്ചതിൽ വിവിധ വകുപ്പുകൾ സുപ്രധാന പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. 20 പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെയും 19 പേർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റേയും വിവിധ യൂണിറ്റുകളിലെ 257 ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രിയുടെയും മെഡലുകൾ നൽകി. അഗ്നിശമന സേനയിലെ 33 സേനാംഗങ്ങൾക്കും എക്സൈസ് വകുപ്പിലെ 24 പേർക്കും ജയിൽ വകുപ്പിലെ 15 പേർക്കും മോട്ടോർ വാഹന വകുപ്പിലെ ഏഴ് ഉദ്യോഗസ്ഥർക്കും മെഡലുകൾ നൽകി.

സാങ്കേതിക വൈദഗ്ധ്യം നേടിയ ധാരാളം യുവതീയുവാക്കൾ പോലീസ് സേനയിലേക്ക് ഇപ്പോൾ കടന്നുവരുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ഉയർന്ന അന്വേഷണ മികവിനൊപ്പം സാങ്കേതിക വിദ്യയും സമന്വയിപ്പിച്ചതാണ് കേരളത്തിന് കേസുകൾ തെളിയിക്കുന്നതിൽ വലിയ മുന്നേറ്റം സാധ്യമാക്കിയത്. മിക്ക കേസുകളിലും ചുരുങ്ങിയ സമയത്തിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാൻ കഴിയുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പ്രകൃതിദുരന്തമുണ്ടായ പെട്ടിമുടി, കവളപ്പാറ, പുത്തുമല, കൂട്ടിക്കൽ എന്നിവിടങ്ങളിൽ അഗ്നിശമന സേനയുടെ പ്രവർത്തനം വിസ്മരിക്കാനാവാത്തതാണ്. സേനയെ കൂടുതൽ നവീകരിക്കാൻ സർക്കാർ മുൻകൈ എടുക്കുകയാണ്. ജയിലുകൾ പീഡന കേന്ദ്രങ്ങളാണെന്ന കൊളോണിയൽ കാഴ്ചപ്പാടിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് അപകടങ്ങളും വർധിക്കുന്നതിൽ മോട്ടോർ വാഹന വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ലഹരി ഉപയോഗം വർധിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ എക്സൈസ് വകുപ്പിന് കഴിഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു.

# ഹജ്ജ് തീർത്ഥാടകരുടെ യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണണം: മന്ത്രി

തിരുവനന്തപുരം: കേരളത്തിലെ ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾ അറിയിക്കാൻ സംസ്ഥാനത്തെ ഹജ്ജ് ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാൻ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ചു. കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ, കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി മുഖ്താർ അബ്ബാസ് നഖ്വി എന്നിവരെയാണ് സന്ദർശിച്ചത്. കേരളത്തിലെ ഹജ്ജ് തീർത്ഥാടകർ നേരിടുന്ന യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ 80 ശതമാനം ഹജ്ജ് തീർത്ഥാടകർ ആശ്രയിക്കുന്ന കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് ന്യൂനപക്ഷകാര്യ മന്ത്രി മുഖ്താർ അബ്ബാസ് നഖ്വിയോട് ആവശ്യപ്പെട്ടു. ഹജ്ജ് ഹൗസും കോഴിക്കോട്ടാണ് പ്രവർത്തിക്കുന്നത്. ഈ വർഷം കോഴിക്കോട് പരിഗണിക്കുക പ്രയാസമാണെങ്കിൽ കണ്ണൂർ വിമാനത്താവളത്തെ ഈ വർഷം തൽക്കാലം എമ്പാർക്കേഷൻ പോയിന്റായി പരിഗണിക്കണമെന്ന നിർദ്ദേശവും മന്ത്രി മുന്നോട്ടുവച്ചു.

2020 ഓഗസ്റ്റിൽ നടന്ന വിമാനാപകടത്തിനു ശേഷം കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ നടപടി പിൻവലിക്കാൻ ജോതിരാദിത്യ സിന്ധ്യയോട് ആവശ്യപ്പെട്ടു. കോഴിക്കോട് വിമാനത്താവള വികസനം നടപ്പാക്കുന്നതിനായി 284 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള കത്ത് മന്ത്രിമാർക്ക് കൈമാറി. ആവശ്യങ്ങൾ പരിഗണിക്കാമെന്ന് മന്ത്രിമാർ അറിയിച്ചു.

## ഒഴിവുകൾ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ചുവടെ പറയുന്ന കായികയിനങ്ങളിൽ പരിശീലകരുടെ താൽകാലിക ഒഴിലുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

അക്വാട്ടിക്സ്, ആർച്ചറി, അത്ലെറ്റിക്സ്, ബാറ്റ്മിന്റൺ (ഷട്ടിൽ), ബെയിസ്ബോൾ, ബാസ്കറ്റ്ബോൾ, ബോക്സിങ്, കാനോയിങ് ആന്റ് കയാക്കിങ്, ഫെൻസിങ്, ഫുട്ബോൾ, ഹാന്റ്ബോൾ, ഹോക്കി, ജൂഡോ, കബഡി, ഖോഖോ, റൈഫിൾ, റോവിങ്, ടേബിൾ ടെന്നീസ്, വോളിബോൾ, വെയിറ്റ് ലിഫിറ്റിങ്, റസലിംങ് എന്നീ കായിക ഇനങ്ങൾക്കാണ് പരിശീലകരെ തേടുന്നത്.

ഒരോ കായിക ഇനത്തിനും ബന്ധപ്പെട്ട വിഷയത്തിലുള്ള ചകട ഉശുഹീമ കിഇീമരവശിഴ ആണ് യോഗ്യത. ചകട ഉശുഹീമ ഇല്ലാത്ത ഇനങ്ങളിൽ അംഗീകൃത സർട്ടിഫിക്കറ്റ് യോഗ്യതയായി പരിഗണിക്കുന്നതാണ്.

യോഗ്യരായ അപേക്ഷകർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, കായികമികവ്, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 30ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, സ്റ്റാച്യു, തിരുവനന്തപുരം ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712330167, 0471 2331546.

# കോഴിക്കോട് വിമാനത്താവളം: വലിയ വിമാനങ്ങളുടെ സർവീസ് പുനരാരംഭിക്കും കേന്ദ്ര വ്യോമയാന മന്ത്രി ഉറപ്പ് നൽകി

തിരുവനന്തപുരം: കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് വലിയ വിമാനങ്ങളുടെ സർവീസ് പുനരാരംഭിക്കാനാണ് വ്യോമയാന മന്ത്രാലയം ആലോചിക്കുന്നതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ മന്ത്രി വി അബ്ദുറഹിമാനെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട സാധ്യതകൾ പരിശോധിക്കാൻ ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വലിയ വിമാനങ്ങളുടെ സർവീസ് പുനരാരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി വ്യക്തമാക്കി. കേരളത്തിലെ ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾ ധരിപ്പിക്കുന്നതിനാണ് സംസ്ഥാനത്തെ ഹജ്ജ് ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാൻ കേന്ദ്ര മന്ത്രിയെ സന്ദർശിച്ചത്. 2020 ഓഗസ്റ്റിൽ നടന്ന വിമാനാപകടത്തിനു ശേഷം കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു.

ഇത് വിമാനത്താവളത്തിന്റെ വരുമാനത്തെ വലിയ തോതിൽ ബാധിച്ചു.കോഴിക്കോടിനെ ഈ വർഷം ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പരിഗണിക്കുക പ്രയാസമാണെങ്കിൽ കണ്ണൂർ വിമാനത്താവളത്തെ ഈ വർഷം തൽക്കാലം പരിഗണിക്കണമെന്ന നിർദ്ദേശത്തോട് കേന്ദ്രമന്ത്രി അനുകൂലമായി പ്രതികരിച്ചു. കണ്ണൂരിൽ നിന്നുള്ള ഹജ്ജ് സർവീസിന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വലിയ വിമാനങ്ങൾ ഉപയോഗിക്കാമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കോഴിക്കോട് വിമാനത്താവള വികസനം നടപ്പാക്കാനും അതിനായി 284 ഏക്കർ ഭൂമി ഏറ്റെടുക്കാനുമുള്ള നിർദ്ദേശവും പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

ഹജ്ജ് തീർത്ഥാടകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടി കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി മുഖ്താർ അബ്ബാസ് നഖ്വിയെയും മന്ത്രി വി അബ്ദുറഹിമാൻ സന്ദർശിച്ചു. സംസ്ഥാനത്തെ 80 ശതമാനം ഹജ്ജ് തീർത്ഥാടകർ ആശ്രയിക്കുന്ന കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് നഖ്വിയോട് ആവശ്യപ്പെട്ടു.

ഹജ്ജ് ഹൗസ് പ്രവർത്തിക്കുന്നത് കോഴിക്കോട്ടാണ്. ഹജ്ജ് തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് കോഴിക്കോട്ടുള്ളത്.

അതിനാൽ കോഴിക്കോടിനെ സ്ഥിരം എംബാർക്കേഷൻ പോയിന്റായി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകി.

# ഡിസ്ലൈക്ക് നീക്കുന്നതിനെതിരെ യൂട്യൂബ് സ്ഥാപകൻ

ന്യൂയോർക്ക് : യൂട്യൂബിൽ വീഡിയോകൾക്ക് ലഭിക്കുന്ന ഡിസ്ലൈക്കുകളുടെ എണ്ണം പ്രദർശിപ്പിക്കുന്നത് ഒഴിവാക്കാനുള്ള ഗൂഗിളിന്റെ തീരുമാനത്തിനെതിരെ യൂട്യൂബ് സഹസ്ഥാപകനായ ജാവേദ് കരീം.

യൂട്യൂബിൽ അപ്ലോഡ് ചെയ്യപ്പെട്ട ഏറ്റവും ആദ്യത്തെ വീഡിയോയുടെ 'ഡിസ്ക്രിപ്ഷൻ' സെക്ഷൻ എഡിറ്റ് ചെയ്തുകൊണ്ടാണ് കരീം ഗൂഗിൾ അധികൃതരുടെ തീരുമാനത്തെ എതിർത്തത്. ചാഡ് ഹ്യൂർലി, സ്റ്റീവ് ചിൻ, ജാവേദ് കരീം എന്നിവർ ചേർന്നായിരുന്നു യൂട്യൂബ് എന്ന വിഡിയോ പ്ലാറ്റ്ഫോം സ്ഥാപിച്ചത്. ഗൂഗിളിന് വിൽക്കുന്നതിന് മുമ്പായി യൂട്യൂബിൽ ആദ്യമായി വീഡിയോ അപ്ലോഡ് ചെയ്തത് ജാവേദ് കരീമായിരുന്നു. ആളുകൾക്ക് അവരുടെ താൽപര്യങ്ങൾ പ്രകടിപ്പിക്കാനുള്ള വഴിയാണ് ഡിസ്ലൈക്ക് ഓപ്ഷനെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, യൂട്യൂബിന്റെ പുതിയ രീതി പ്രകാരം വീഡിയോ അപ്ലോഡ് ചെയ്യുന്നവർക്കു മാത്രമേ ഡിസ്ലൈക്കുകൾ കാണാനാകു. ഡിസ്ലൈക്ക് ബട്ടൺ സൗകര്യം കമ്പനി ഒഴിവാക്കില്ല. കാഴ്ചക്കാർക്ക് ഉപയോഗിക്കാനുള്ള സൗകര്യവും നിലനിർത്തും. ഡിസ്ലൈക്ക് സൗകര്യം ദുരുപയോഗം ചെയ്യുന്നത് വ്യാപകമായതോടെയാണ് ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുതിയ തീരുമാനം. വ്യക്തിപരമായ പ്രതികാരം തീർക്കുന്നതിന് യൂട്യൂബ് ദുരുപയോഗം ചെയ്യുന്നതായി പരാതി ഉയർന്നിരുന്നു.

## ഒപ്ടോമെട്രി ട്യൂട്ടർ

തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി (ഗവ. കണ്ണാശുപത്രിയിൽ) താത്ക്കാലികാടിസ്ഥാനത്തിൽ ഒപ്ടോമെട്രി ട്യൂട്ടറായി നിയമിക്കുന്നതിന് വാക്ഇൻഇന്റർവ്യൂ നടത്തും. കേരളാ ആരോഗ്യശാസ്ത്ര സർവകലാശാലയുടെ തുല്യതയുള്ള എം.എസ്സി/ ബി.എസ്സി ഒപ്ടോമെട്രി ഡിഗ്രി. അധ്യാപന പരിചയം ഉള്ളവർക്ക് മുൻഗണന. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ 22ന് രാവിലെ 11ന് ഇന്റർവ്യൂ നടക്കും.

# പൊതുമരാമത്ത് വകുപ്പിൽ സുതാര്യത ഉറപ്പു വരുത്തുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ്

പൊതുമരാമത്ത് വകുപ്പ് പൂർണമായും ഇഓഫീസ് സംവിധാനത്തിലേക്ക് മാറുന്നു. ഡിസംബർ അവസാനത്തോടെ പൂർണമായും ഇഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ പൊതുമരാമത്ത്, ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ ചേർന്ന പി.ഡബ്ല്യു.ഡി. മിഷൻ ടീം യോഗം തീരുമാനിച്ചു. സർക്കിൾ ഓഫീസുകളിലേയും ഡിവിഷൻ ഓഫീസുകളിലേയും പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേക്കു നീങ്ങി. സബ് ഡിവിഷൻ ഓഫീസുകളും സെക്ഷൻ ഓഫീസുകളും രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കും. പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനാണ് ഇഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതെന്നു മന്ത്രി പറഞ്ഞു. പൂർണ്ണമായും ഇഓഫീസ് സംവിധാനത്തിലേക്ക് മാറുമ്പോൾ വകുപ്പിലെ ഫയൽ നീക്കത്തിൽ സുതാര്യത ഉറപ്പുവരുത്തുവാനും കഴിയും. വകുപ്പിനെ പേപ്പർ രഹിതമാക്കാനും ലക്ഷ്യമിടുന്നതായി മന്ത്രി പറഞ്ഞു.

ഈ സംവിധാനം നിലവിൽ വരുന്നതോടെ സെക്ഷൻ ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ ഇഓഫീസിന് കീഴിലാകും. ചീഫ് എൻജിനിയർ ഓഫീസ് മുതൽ സെക്ഷൻ ഓഫീസ് വരെ ഒരു സോഫ്റ്റ്‌വെയറാണ് നിലവിൽ വരിക. അടിയന്തര ഫയലുകളിൽ വേഗത്തിൽ തീരുമാനമെടുക്കാനാകും. ഫയലുകൾ തപാലിൽ അയയ്ക്കുന്നതിനുള്ള സമയം ലാഭിക്കാനാകും. മറ്റു ജില്ലകളിലേക്കും സെക്ഷനുകളിലേക്കുമുള്ള ഫയൽ നീക്കത്തിന് സാധാരണയായി ദിവസങ്ങൾ എടുക്കും. ഇ ഫയൽ സംവിധാനത്തിൽ ഇത് പൂർണമായും ഒഴിവാക്കാം.

ഫയൽ നീക്കം ഉന്നത ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കാനും സൗകര്യം ഉണ്ടാകും. എവിടെയെങ്കിലും തടസം നേരിട്ടാൽ അത് ഒഴിവാക്കാനായി ഉദ്യോഗസ്ഥർക്ക് ഇടപെടാനാകും. അനാവശ്യ കാലതാമസം ഒഴിവാക്കാനും കഴിയും. ഇഓഫീസ് സംവിധാനം നിലവിൽ വരുമ്പോൾ ഫയൽ നീക്കത്തിന് കൃത്യമായ സമയക്രമം കൊണ്ടു വരാനും ഉദ്ദേശിക്കുന്നുണ്ട്.



സംസ്ഥാന ടൂറിസം വകുപ്പ് നടത്തിയ ലോകപൂക്കളം 2021 മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാന വിതരണം ടൂറിസം – പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് മസ്കറ്റ് ഹോട്ടലിൽ വച്ച് നിർവഹിക്കുന്നു.

# കയർ ഭൂവസ്ത്ര വിതാന പദ്ധതി; ഏകദിന സെമിനാർ നടത്തി

കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഗ്രാമബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതാന പദ്ധതി ഏകദിന സെമിനാർ നടത്തി. ജില്ലാ പഞ്ചായത്ത് ജയൻ മെമ്മോറിയൽ ഹാളിൽ നടന്ന സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്തു.

പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിച്ചു കൊണ്ട് വലിയ പരിഗണന നൽകിയാണ്പദ്ധതി നടപ്പിലാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലയിൽ 10.03 കോടി രൂപയുടെ 13.65 ലക്ഷം സ്ക്വയർ മീറ്റർ കയർഭൂവസ്ത്രം വിതാനിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുന്നതിനായാണ് സെമിനാർ സംഘടിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമലാൽ അധ്യക്ഷയായി. കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം മുഖ്യപ്രഭാഷണം നടത്തി. 'തൊഴിലുറപ്പും കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയും സാധ്യതകളും' വിഷയത്തിൽ തൊഴിലുറപ്പ് പദ്ധതി ജില്ലാ ജോയിന്റ് പ്രോഗ്രാം കോഡിനേറ്റർ ജി. അനിൽ, 'കയർഭൂവസ്ത്ര വിതാനം സാങ്കേതികവശങ്ങൾ' വിഷയത്തിൽ കയർ കോർപ്പറേഷൻ സെയിൽസ് മാനേജർ അരുൺ ചന്ദ്രനും ക്ലാസുകൾ നയിച്ചു.

പ്രോജക്ട് ഓഫീസർ ഇ.ബെനഡിക്ട് നിക്സൺ, ജില്ലാ പഞ്ചായത്ത് അംഗം ജെ. നജീബത്ത്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബി. അജയകുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ ജി. ഷാജി, വിവിധ ബ്ലോക്ക്ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

# പന്ത്രണ്ടാം സുസ്ഥിരവികസന ലക്ഷ്യം ആസ്പദമാക്കി ശില്പശാല

പന്ത്രണ്ടാം സുസ്ഥിര വികസന ലക്ഷ്യമായ 'സുസ്ഥിര ഉപഭോഗവും ഉത്പാദനവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെയും (കില) കൺസ്യൂമർ യൂട്ടിലിറ്റി ട്രസ്റ്റ് സൊസൈറ്റി ഇന്റർനാഷണലിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ശില്പശാല സംഘടിപ്പിച്ചു.

'സുസ്ഥിര ഉപഭോഗവും ഉത്പാദനവും' എന്ന വിഷയത്തിൽ കൺസ്യൂമർ യൂട്ടിലിറ്റി ട്രസ്റ്റ് സൊസൈറ്റി ഇന്റർനാഷണൽ ഡയറക്ടർ ജോർജ് ചെറിയാൻ, സീനിയർ പ്രോഗ്രാം ഓഫീസർ അമർ ദീപ് സിംഗ്, പോളിസി അനലിസ്റ്റ് സിമി ടിബി എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രകൃതിവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, ഊർജ്ജ കാര്യക്ഷമത, സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ എന്നീ ആശയങ്ങൾ ചർച്ചയിൽ ഉയർത്തിക്കാട്ടി.

സുസ്ഥിര വികസനത്തിൽ ഉപഭോക്തൃ സംസ്കാരം വഹിക്കുന്ന പങ്ക് മുൻനിർത്തി വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള പ്രതിനിധികൾ സംസാരിച്ചു. സംസ്ഥാനതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും ഈ ആശയങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാമെന്നും ചർച്ചയിൽ നിരീക്ഷിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പി. ബാലമുരളി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, പിഐഇഎം ഡയറക്ടർ ശ്രീകുമാർ.ബി, സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം മേധാവി എസ്.എസ്. നാഗേഷ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം മേധാവി ജോസഫൈൻ ജെ., മാത്യു ആൻഡ്രൂസ് എന്നിവർ സംസാരിച്ചു.

# മഴക്കെടുതി അവലോകനവും തുടർനടപടികളും വിലയിരുത്തി മന്ത്രിമാർ

ജില്ലയിൽ മഴക്കെടുതി നേരിടുന്ന സ്ഥലങ്ങളുടെ തത്സ്ഥിതിയും ദുരിതാശ്വാസ നടപടികളും ചർച്ച ചെയ്ത് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ, മൃഗസംരക്ഷണക്ഷീര വികസന വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ ഓൺലൈനായി യോഗം ചേർന്നു.

ജില്ലയുടെ കിഴക്കൻ മേഖലയിൽ പ്രത്യേകിച്ചും മൺട്രോതുരുത്ത് കരുനാഗപ്പള്ളി തുടങ്ങി വിവിധ ഇടങ്ങളിലും ഉണ്ടായ നാശനഷ്ടത്തിന്റെ തോത കണക്കാക്കി നഷ്ടപരിഹാര നടപടികളിലേക്ക് കടക്കാനാകുമെന്ന് ധനകാര്യ മന്ത്രി വ്യക്തമാക്കി. ഡാമിലെ ജലനിരപ്പ് ഉയരുന്നുവെങ്കിലും നിലവിൽ ആശങ്ക ഉയർത്തുന്നില്ല. ആവശ്യാനുസരണം മാത്രം അണക്കെട്ടിലെ വെള്ളം തുറന്ന് വിടുന്നതിൽ അതീവ ശ്രദ്ധവേണം. ക്യാമ്പുകളിലെ സ്ഥിതിയും തൃപ്തികരമാണ്. ആഹാരവും മരുന്നുമൊക്കെ മുറയ്ക്ക് നൽകി വരികയാണ്. ആവശ്യാനുസരണം കുടുതൽ എണ്ണം തുറക്കാനും സജ്ജമാണ്. കോവിഡ് മാനദണ്ഡപാലനം ഉറപ്പാക്കിയാണ് പ്രവർത്തനങ്ങൾ. പരിശോധനയും കാര്യക്ഷമമായി നടത്തുന്നു. അടയിന്തര സാഹചര്യം ഒഴിയും വരെ ഉദ്യോഗസ്ഥർ സേവന സന്നദ്ധരായി തുടരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ക്യാമ്പുകളിലെ സൗകര്യങ്ങൾ മെച്ചപ്പെട്ട നിലയിൽ നിലനിറുത്തണമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി നിർദ്ദേശിച്ചു. ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അടിയന്തര ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമാക്കണം. വൈദ്യുതി വിതരണം തടസ്സമില്ലാതെ തുടരണം. കിഴക്കൻ മേഖലയിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്രോഡീകരിക്കണം. മൃഗസംരക്ഷണ മേഖലയിലെ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാര നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

ജനപ്രതിനിധികൾ മഴക്കെടുതിയുമായി ബന്ധപ്പെട്ട് ഉന്നയിച്ച് ആവശ്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ വ്യക്തമാക്കി. 15.66 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. ആകെ നഷ്ടത്തിന്റെ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്രയും വേഗം കൈമാറണം. മേജർമൈനർ ഇറിഗേഷൻ വകുപ്പുകളുടെ നിർമാണ പ്രവർത്തികൾ ത്വരിതപ്പെടുത്താൻ ഉടൻ യോഗം വിളിക്കുമെന്നും അറിയിച്ചു.

എം. പിമാരായ എ. എം. ആരിഫ്, കൊടിക്കുന്നിൽ സുരേഷ്, കെ. സോമപ്രസാദ്, എം. എൽ. എ മാരായ കോവൂർ കുഞ്ഞുമോൻ, കെ. ബി. ഗണേഷ് കുമാർ, പി. സി. വിഷ്ണുനാഥ്, സിറ്റി പൊലിസ് കമ്മിഷണർ ടി. നാരായണൻ, സബ് കലക്ടർ ചേതൻ കുമാർ മീണ, എ. ഡി. എം എൻ. സാജിതാ ബീഗം, പുനലൂർ ആർ. ഡി. ഒ ബി. ശശികുമാർ, ഡെപ്യൂട്ടി കലക്ടർമാർ, തഹസിൽദാർമാർ, മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വൈദ്യുതിനിരക്ക് കൂട്ടില്ല: മന്ത്രി കെ കൃഷ്ണൻകുട്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് വൈദ്യുതിനിരക്ക് കൂട്ടാൻ തീരുമാനിച്ചിട്ടില്ലെന്ന് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു. വൈദ്യുതി നിരക്ക് 10 ശതമാനം കൂട്ടുമെന്ന വാർത്ത അനവസരത്തിലുള്ളതാണ്. അത്തരം തീരുമാനങ്ങൾ എടുത്തിട്ടില്ല. വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശം അംഗീകരിക്കാനാകില്ലെന്ന് റെഗുലേറ്ററി കമ്മിഷനെ അറിയിച്ചിട്ടുണ്ട്. ഇത് അവർ അംഗീകരിച്ചു.

വിശദമായ ചർച്ചകൾക്കു ശേഷമേ ബോർഡ് താരിഫ് പെറ്റിഷൻ ഫയൽ ചെയ്യൂ. ഇക്കാര്യത്തിൽ പ്രാഥമിക ചർച്ചകൾ മാത്രമേ നടന്നിട്ടുള്ളൂവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കാർഷിക വിളകളിൽനിന്ന് മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് ഇളവ് പരിഗണിക്കുന്നുണ്ട്. പീക്ക് ലോഡ് സമയത്ത് വ്യത്യസ്ത നിരക്ക് ഈടാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളുടെ പൂർണ രൂപമാകുന്നതേയുള്ളൂ. ഡിജിറ്റൽ മീറ്റർ ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ സ്വയം നിയന്ത്രണം കൊണ്ടുവരാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. നിരക്ക് നിശ്ചയിക്കുന്ന താരിഫ് പെറ്റിഷൻ ഡിസംബർ 31 ന് അകമാണ് ബോർഡ് നൽകേണ്ടത്. താരിഫ് പെറ്റിഷൻ നൽകിയാലും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് അടക്കമുള്ള തെളിവെടുപ്പിനും വിവിധ തലങ്ങളിലുള്ള ചർച്ചയ്ക്കുശേഷമേ അന്തിമ രൂപം നൽകൂ.

# വാതിൽപ്പടി സേവനമടക്കമുള്ള മുൻഗണനാ പദ്ധതികൾ ഉൾപ്പെടുത്തണം: മന്ത്രി എം വി ഗോവിന്ദൻ

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 202122 വാർഷിക പദ്ധതിയിൽ വാതിൽപ്പടി സേവനമടക്കമുള്ള മുൻഗണനാ പദ്ധതികൾ ഉൾപ്പെടുത്തണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ പറഞ്ഞു. കോവിഡ് പ്രതിരോധം, ദുരന്ത നിവാരണം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കാനും നിലവിലുള്ള പദ്ധതികളുടെ വിഹിതം വർധിപ്പിക്കാനും മന്ത്രി നിർദ്ദേശിച്ചു. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതുശുചിമുറികളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പുതുതായി ഏറ്റെടുക്കണമെന്നും നിലവിലുള്ള പദ്ധതികളുടെ വിഹിതം വർധിപ്പിച്ച് പരിപാലനമടക്കമുള്ള കാര്യങ്ങൾ ഉറപ്പുവരുത്തണമെന്നും മന്ത്രി പറഞ്ഞു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പദ്ധതികൾ പരിഷ്കരിക്കണം. കൂടുതൽ തുക ആവശ്യമെങ്കിൽ വിഹിതം വർധിപ്പിക്കാനും തയാറാവണം. ഏതെങ്കിലും കേന്ദ്രസംസ്ഥാന പദ്ധതിക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പദ്ധതി ഏറ്റെടുക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതികൾ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി നവംബർ 30നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്ന് മന്ത്രി വ്യക്തമാക്കി.

# യുവാവിന്റെ മരണം കൊലപാതകം; സഹോദരൻ അറസ്റ്റിൽ

കോലഞ്ചേരി: പുത്തൻകുരിശ് മറ്റക്കുഴിയിൽ യുവാവിന്റെ മരണം കൊലപാതകമാണെന്ന് തെളിഞ്ഞു. സംഭവത്തിൽ സഹോദരൻ ഐരാറ്റിൽ വീട്ടിൽ ശ്രീകാന്ത് (33) നെ പുത്തൻകുരിശ് പൊലിസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ 16 ന് വൈകിട്ട് എട്ടിനാണ് സംഭവം നടന്നത്. അനിയൻ പെട്ടെന്ന് കുഴഞ്ഞുവീണു എന്ന് പറഞ്ഞാണ് ശ്രീനാഥിനെ ചേട്ടൻ ശ്രീകാന്ത് കോലഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുന്നത്. അവിടെ എത്തുമ്പോഴേക്കും മരണം സംഭവിച്ചിരുന്നു. ശ്രീകാന്ത് പൊലീസ് സ്റ്റേഷനിൽ അറിയിച്ചതും ഇതു തന്നെയാണ്. ഇൻക്വസ്റ്റിനിടയ്ക്ക് പൊലീസിന്റെ ശ്രദ്ധയിൽപ്പെട്ട മുറിവാണ് സംഭവത്തിൽ വഴിത്തിരിവായത്. തുടർന്ന് കളമശേരി മെഡിക്കൽ കോളജിലേക്ക് പോസ്റ്റ്മോർട്ടത്തിനയച്ചു. ഹൃദയത്തിന്റെ വാൽവിനേറ്റ മുറിവാണ് മരണകാരണമെന്നായിരുന്നു പോസ്റ്റ്മോർട്ടം റിപ്പോർട്ട്. തുടർന്ന് ജില്ലാ പൊലീസ് മേധാവി കെ കാർത്തിക്കിന്റെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് ശാസ്ത്രീയമായി നടത്തിയ അന്വേഷണത്തിലാണ് സഹോദരൻ ശ്രീകാന്ത് പിടിയിലാകുന്നത്. അമ്മയെ ശ്രീനാഥ് ഉപദ്രവിക്കുന്നത് കണ്ട് ചെറിയ കത്രികയെടുത്ത് ശ്രീകാന്ത് കുത്തുകയായിരുന്നു. രക്തം വന്നത് തുടച്ചു കളഞ്ഞു. ചെറിയ കത്രികയായിരുന്നതിനാൽ നെഞ്ചിലെ മുറിവ് ശ്രദ്ധിക്കുന്ന തരത്തിലുള്ളതായിരുന്നില്ല. പിന്നീട് ശ്രീനാഥിന്റെ വസ്ത്രങ്ങൾ മാറ്റിയ ശേഷം ആംബുലൻസ് വിളിച്ചു വരുത്തി ആശുപത്രിയിലെത്തിക്കുകയായിരുന്നു. കത്രികയും രക്തം പുരണ്ട വസ്ത്രങ്ങളും വീട്ടിൽ നിന്നും കണ്ടെടുത്തു.

# വ്യവസായങ്ങളിലെ ഊർജ്ജകാര്യക്ഷമത വിഷയമാക്കി ശില്പശാല നടത്തും

എനർജി മാനേജ്മെന്റ് സെന്ററും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും ചേർന്ന് തിരഞ്ഞെടുത്ത വ്യവസായ ക്ലസ്റ്ററുകളിൽ വ്യാവസായങ്ങളിലെ ഊർജ്ജ കാര്യക്ഷമതയെക്കുറിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കുന്നു. വിവിധ വ്യവസായ ക്ളസ്റ്ററുകളിൽ ഒരു പരമ്പരയായാണ് ശില്പശാലകൾ സംഘടിപ്പിക്കുന്നത്. പരമ്പരയിലെ ആദ്യ ശില്പശാല റൈസ് മിൽ ക്ളസറ്ററുകൾക്കുവേണ്ടിയാണ് നടത്തുന്നത്. ഉദ്ഘാടനം 2021 നവംബർ 17 ന് അങ്കമാലിയിൽ വെച്ച് നടത്തും. ശ്രീ. പോൾ ആന്റണി ഐ.എ.എസ്, ചെയർമാൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ശില്പശാലയുടെ ഉൽഘാടനം നിർവഹിക്കുന്നതാണ്. നവംബർ 18 ന് പരമ്പരയിലെ അടുത്ത ശില്പശാല പ്ലൈവുഡ് ക്ളസ്റ്റുകൾക്കുവേണ്ടിയും നടത്തും.

വ്യവസായങ്ങളിലെ ഊർജ്ജകാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലുമായി ചേർന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾകേന്ദ്രീകരിച്ചുള്ള ശില്പശാലകളും ഇ.എം സി. നടത്തിയിട്ടുണ്ട്. ഇ. എം. സിയും ഫിക്കിയും കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലുമായും ചേർന്ന് തുടർന്നും പരിപാടികൾ നടത്തുന്നതാണ്. ഈ ശില്പശാലകളിൽ നിന്നും ലഭിക്കുന്ന അഭിപ്രായമനുസരിച്ച് വ്യവസായ ശാലകളിൽ ഊർജ ഓഡിറ്റ് നടത്തുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്ന ഡെമോൺസ്ട്രേഷൻ പദ്ധതികൾ നടത്തുന്നതിനും ഇ. എം. സി. സഹായം നൽകുന്നതായിരിക്കും.

# കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ വേതനം വർധിപ്പിക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കുടുംബശ്രീയിൽ ദേശീയ നഗര ഉപജീവന മിഷന്റെ പദ്ധതി നടത്തിപ്പിന് വേണ്ടി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രതിമാസ വേതനം വർധിപ്പിക്കാൻ നിർദേശം നൽകിയതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

നിലവിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രതിമാസ വേതനം 10,000 രൂപയാണ്. വേതന വ്യവസ്ഥ പുതുക്കുമ്പോൾ പുതുതായി നിയമിതരാവുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് 12,000 രൂപയും രണ്ടുവർഷം പൂർത്തീകരിച്ചവർക്ക് 15,000 രൂപയും വേതന വർധനവ് വരുത്തുവാനാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു.

# നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഉടൻ പൂർത്തികരിക്കണം: മന്ത്രി കെ രാധാകൃഷ്ണൻ

തിരുവനന്തപുരം: പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പിൽ കാലാകാലങ്ങളായി നിർമ്മാണത്തിലിരിക്കുന്ന 'സ്വയം പര്യാപ്ത ഗ്രാമം ', അംബേദ്കർ ഗ്രാമവികസനം തുടങ്ങിയ പദ്ധതികൾ ഡിസംബർ 31 നകം പൂർത്തീകരിക്കാൻ മന്ത്രി കെ രാധാകൃഷ്ണൻ നിർദ്ദേശിച്ചു. പദ്ധതികളുടെ അവലോകന യോഗത്തിലാണ് ഇതു സംബന്ധിച്ച് തീരുമാനമായത്. 2011 മുതലുള്ള നിരവധി പദ്ധതികളാണ് പൂർത്തീകരിക്കാതെ കിടന്നിരുന്നത്. കാലാകാലങ്ങളിൽ പദ്ധതി അടങ്കൽ പുതുക്കി നിർവഹണ ഏജൻസികൾ പദ്ധതി തുടരുന്ന രീതിയാണ് അവസാനിപ്പിച്ചത്. പുതിയതൊഴികെയുള്ള എല്ലാ പദ്ധതികളും ഡിസംബർ 31 ന് അവസാനിപ്പിക്കും.

ഈ സമയത്തിനുള്ളിൽ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്നത് മാത്രം അംഗീകരിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി. നിർവഹണം സംബന്ധിച്ച് വിജിലൻസിലും മറ്റും കേസുള്ള പദ്ധതികളും ഡിസംബർ 31 ന് അവസാനിപ്പിക്കണം. പൊതുഖജനാവിന് നഷ്ടമുണ്ടാക്കി, കരാറുകാരുടെയും നിർവഹണ ഏജൻസികളുടെയും ആളുകളായി ഉദ്യോഗസ്ഥർ മാറരുത്. അത്തരക്കാർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ വ്യക്തമാക്കി. കോളനികളുടെയും മറ്റും ആവശ്യങ്ങൾ ബോധ്യപ്പെട്ട് പദ്ധതികൾ തയാറാക്കിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞു. വകുപ്പ് സെകട്ടറി പ്രണബ് ജ്യോതിനാഥ്, പട്ടികജാതി വകുപ്പ് ഡയറക്ടർ എം ജി രാജമാണിക്യം, പട്ടിക വർഗ വകുപ്പ് ഡയറക്ടർ ടി വി അനുപമ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളുടെ ശ്വാസകോശ ആരോഗ്യം മെച്ചപ്പെടുത്താൻ 'പ്രാണ' പദ്ധതി

തിരുവനന്തപുരം: ദേശീയ നാച്ചുറോപ്പതി ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും 'പ്രാണ' പദ്ധതിയുടെ ഉദ്ഘാടനവും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിച്ചു. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിക്ക് നാച്ചുറോപ്പതിയോടുള്ള അഭിനിവേശമാണ് ഈ ദിവസം ദേശീയ നാച്ചുറോപ്പതി ദിനമായി തിരഞ്ഞെടുക്കുവാനുള്ള കാരണം.

ദേശീയ നാച്ചുറോപ്പതി ദിനത്തോട് അനുബന്ധിച്ച് ആയുഷ് വകുപ്പ് 'പ്രാണ' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചതായി മന്ത്രി പറഞ്ഞു. കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താനായി യോഗ നാച്ചുറോപ്പതിയുടെ പാഠങ്ങൾ അവരിലേക്ക് എത്തിക്കുന്ന ഒരു പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മികച്ച ജീവിതരീതിയുടെ, യോഗ നാച്ചുറോപ്പതിയുടെ പാഠങ്ങൾ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഈ പദ്ധതിയിൽ എല്ലാവരും പങ്കുചേരണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് ഡയറക്ടർ ഡോ. സജിത് ബാബു അധ്യക്ഷനായി. ഐഎസ്എം ഡയറക്ടർ ഡോ. കെ എസ് പ്രിയ, ഹോമിയോപ്പതി ഡയറക്ടർ ഡോ. വിജയാംബിക, പ്രിൻസിപ്പൽ ആന്റ് കൺട്രോളിങ് ഓഫീസർ ഡോ. സുനിൽ രാജ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. സജി, ഡോ. ജയനാരായണൻ, ഇനിഗ്മ സെക്രട്ടറി ഡോ. പ്രദീപ് ദാമോദരൻ എന്നിവർ പങ്കെടുത്തു.

# സ്കോളർഷിപ്പ്

202122 അദ്ധ്യയന വർഷത്തെ ബ്ലിന്ത്/പി.എച്ച് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് വിജ്ഞാപനമായി. ഓൺലൈൻ വഴി 2022 ജനുവരി 10 നകം അപേക്ഷിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.